6.	ഗൈഡ് ലൈറ്റ്	-	5
7.	ഫിഷറീസ് ഡിസ്പെൻസറി	-	1
8.	ഗ്രാമീണ ശാസ്ത്ര വിജ്ഞാനകേന്ദ്രം	-	1
9.	മത്സ്യ മാർക്കറ്റ്	-	1
10.	ആശുപത്രി	-	1
11.	സ്കൂൾ സൗകര്യങ്ങൾ	-	1

(ആകെ 31 പദ്ധതികൾ)

(ബി) മുകളിൽ പരാമർശിച്ച പദ്ധതിയിലുൾപ്പെടുത്തി ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുന്നതിനായി പദ്ധതികളൊന്നും നിലവിലില്ല.

(സി) ബാധകമല്ല.

ചെറുകിട മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം

222 **(1980)** ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭം കുറിച്ച ഇനിയും പൂർത്തിയാക്കാത്ത ചെറുകിട മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തനം എന്ന് തുടങ്ങാനാകുമെന്നാണ് കരുതുന്നത് ;

(ബി) സംസ്ഥാനത്ത് ഇനിയും ഇത്തരത്തിൽ എത്ര ചെറുകിട മത്സ്യബന്ധന തുറമുഖങ്ങൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി(34.45 കോടി രൂപ) കണ്ണൂർ ജില്ലയിലെ തലായ് (19.25 കോടി രൂപ), കാസർഗോഡ് ജില്ലയിലെ കാസർഗോഡ് (29.75 കോടി രൂപ) ആലപ്പുഴ ജില്ലയിലെ ചെത്തി ഒന്നും രണ്ടും ഘട്ടങ്ങൾ (5 കോടി രൂപ, 4.95 കോടി രൂപ) അർത്തുങ്കൽ ഒന്നാംഘട്ടം (5 കോടി രൂപ) എറണാകുളം ജില്ലയിലെ ചെല്ലാനം ഒന്നും രണ്ടും ഘട്ടങ്ങൾ (5 കോടി രൂപ, 30 കോടി രൂപ) തൃശ്ശൂർ ജില്ലയിലെ ചേറ്റുവ (30കോടി രൂപ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ (29.06 കോടി രൂപ) എന്നീ 8 മത്സ്യബന്ധന തുറമുഖ പദ്ധതികൾക്ക് ഭരണാനുവാദം നൽകി. ഇവയിൽ കൊയിലാണ്ടി, തലായ്, കാസർഗോഡ്, ചെത്തി, അർത്തുങ്കൽ, ചെല്ലാനം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. അതിൽ അർത്തുങ്കൽ ഒന്നാം ഘട്ടം, ചെല്ലാനം

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാംഘട്ടം എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ചെത്തി, ചെല്ലാനം എന്നിവയുടെ രണ്ടാംഘട്ട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനുള്ള കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചുവരുന്നു. ചാവക്കാട്, ചെറുവത്തൂർ എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ദ്രുതഗതിയിലുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. രണ്ട് ഹാർബറിന്റെയും നിർമ്മാണം ഉടൻ ആരംഭിക്കുവാൻ കഴിയുന്നതാണ്.

(ബി) സംസ്ഥാനത്ത് ഇനിയും പുതുതായി ഒൻപത് മത്സ്യബന്ധന തുറമുഖങ്ങൾ കൂടി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇവയിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം കോഴിക്കോട് ജില്ലയിലെ വെള്ളയിൽ, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, താനൂർ എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങൾ സ്ഥാപിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളും മാതൃകാ പഠനവും പൂർത്തിയാക്കി കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, ആലപ്പുഴ ജില്ലയിലെ പുന്നപ്ര, കൊല്ലം ജില്ലയിലെ സൗത്ത് പരവൂർ, തിരുവനന്തപുരം ജില്ലയിലെ ചിലക്കൂർ (വർക്കല), വലിയതുറ എന്നീ ഫിഷിംഗ് ഹാർബറുകൾ തുടങ്ങുന്നതിന് ഭരണാനുവാദം നൽകിയതിൻപ്രകാരം അന്വേഷണ ഗവേഷണ പഠനപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

മത്സ്യഭവനുകളുടെ പുനഃസംഘടന

223 (1981) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഫിഷറീസ് വകുപ്പിലെ മത്സ്യഭവനുകളുടെ പുനഃസംഘടന നടത്തുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പിന്റെ സ്പെഷ്യൽ റൂൾ ഭേദഗതിയുടെ നിലവിലുള്ള അവസ്ഥയെന്തെന്ന് വിശദമാക്കുമോ ;

(ബി) മത്സ്യഭവനുകളുടെ പുനഃസംഘടന ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് പൂർത്തിയാക്കുമോ ;

(സി) സുനാമി പുനരധിവാസ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 9 ജില്ലകളിലായി 69 പേർ കടൽ സുരക്ഷാ സേനയിലേക്ക് ട്രെയിനിംഗ് കഴിഞ്ഞ് നിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ട്രെയിനിംഗ് കഴിഞ്ഞുനിൽക്കുന്ന ഇവർക്ക് ജോലി നൽകാൻ പദ്ധതിയുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) മത്സ്യഭവനുകളുടെ പുനഃസംഘടനയ്ക്ക് നിർദ്ദേശിക്കപ്പെട്ട പുതിയ സ്പെഷ്യൽ റൂളിന്റെ കരട് പരിശോധിച്ചുവരുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയും വേഗം നടപ്പാക്കാനുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly